വർക്കായി നീക്കിവയ്ക്കുന്നുണ്ട്, അവർ മറ്റു നിശ്ചിതയോഗ്യതകളുള്ളവരായിരിക്കണം.

ഓരോ ഡിവിഷനിലും റിക്കൂട്ടുമെന്റു നടത്തുന്നത് സൂപ്രണ്ടിംഗ് എൻജിനീയറും എക്സിക്യൂട്ടീവ് എൻജിനീയറും ചേർന്ന കമ്മിറ്റിയാണ്. നേരിട്ടുള്ള നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്ന പരസ്യം ഡിവിഷനിലെ ഇലക്ട്രിക്കൽ ഓഫീസുകളിൽ അതാത് പ്രദേശങ്ങളിൽ പ്രചാരമുള്ള രണ്ടു ദിന പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി. സി.) പരാതിയുള്ളതായി അറിവില്ല. ആവശ്യമുള്ളിടത്തോളം ഇലക്ട്രിസിറ്റി വർക്കേഴ്സിനെ നിയമിക്കുവാൻ സൂപ്രണ്ടിംഗ് എൻജിനീയറൻമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തു തെരഞ്ഞെടുപ്പ്

* 200. [727] ശ്രീ. വി. വി. കുഞ്ഞാമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ളിയുടെ പരിഗണനയിലിരിക്കുന്ന പഞ്ചായത്തു രാജ് ബിൽ പാസാക്കുകയും അതിന് നിയമാനുമതി ലഭിക്കുകയും ചെയ്തതിനുശേഷം മാത്രമേ അടുത്ത പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നടക്കുകയുള്ളു എന്നു വിശ്വസിക്കാമോ?

(ബി) അടുത്ത പഞ്ചായത്തു തെരഞ്ഞെടുപ്പിനു മുമ്പു നിലവിലുള്ള ഏതെങ്കിലും പഞ്ചായത്തുകളുടെ അതിർത്തികളിൽ മാറ്റം വരുത്തുന്നതിനോ ഏതെങ്കിലും പഞ്ചായത്തുകളെ വിഭജിക്കുന്നതിനോ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹാജി) :

(എ) 1970—ാമാണ്ട് ആഗസ്റ്റു മാസത്തിനു മുൻപായി പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തുന്നതാണ്.

(ബി) ചില പഞ്ചായത്തുകളുടെ അതിർത്തികളും പുനഃസംഘടിപ്പിക്കുന്നതിനും ചില പഞ്ചായത്തുകളെ വിഭജിക്കുന്നതിനും വേണ്ടിയുള്ള അപേക്ഷകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

വെയർ ഹൗസിംഗ് കോർപ്പറേഷൻ

* 201. [728] ശ്രീ. കെ. ടി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ചെയർമാനായി നിയമിച്ചിട്ടുള്ളതാരെയാണ്;

(ബി) ഇതിനുമുമ്പു ഏതെങ്കിലും അനൗദ്യോഗിക അംഗത്തെ ഈ കോർപ്പറേഷന്റെ ചെയർമാനാക്കിയിട്ടുണ്ടോ;

(സി) ഇത്തവണ അങ്ങനെ തീരുമാനിക്കുവാനുണ്ടായ കാരണം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly